**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി II**
**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**

# (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH, 2017)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്
(Presented on 20th June 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

**(SUBJECT COMMITTEE II)**

# ഭൂനികുതിയും ദേവസ്വവും

# (LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH, 2018)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

922/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

## സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി സുമ കുമാരി. ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരീഷ്. ജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 12 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ ഒരു യോഗം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കും രണ്ട് യോഗങ്ങൾ സൂക്ഷ്മ പരിശോധനയുടെ കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനും ഒരു യോഗം 2016-2017 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, ഒരു യോഗം 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനും 3 യോഗങ്ങൾ എസ്.ആർ.ഒ-കളുടെ സാധൂകരണത്തിനും, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനും, മറ്റ് 3 യോഗങ്ങൾ 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ, 2018-ലെ കേരള ധനകാര്യ ബില്ലും കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും (സംയുക്ത യോഗം) എന്നിവയുടെ പരിഗണനയ്ക്കുമായി ചേർന്നതായിരുന്നു. ഒരു യോഗത്തിൽ അനുശോചനം രേഖപ്പെടുത്തി പിരിയുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിൽ ശരാശരി ഹാജർനില 50.75% ആയിരുന്നു.

ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിക്കുന്ന വിവരങ്ങളും ചട്ടം 235 എ പ്രകാരം സമിതി ചർച്ച നടത്തിയ വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളും മൂന്നാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും അഞ്ചാം ഭാഗത്തിൽ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2018 മേയ് 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി - II.*

തിരുവനന്തപുരം,
2018 മേയ് 29.

## ഭാഗം I

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 17-4-2017-ൽ യോഗം ചേർന്ന് 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 22-5-2017-ലെ യോഗം അംഗീകരിക്കുകയും, 2017 മേയ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 12-7-2017-ലെ യോഗം അംഗീകരിക്കുകയും, 2017 ആഗസ്റ്റ് 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

16-2-2018-ൽ സമിതി യോഗം ചേർന്ന് 2018-19 സാമ്പത്തിക വർഷത്തെ VI, XI, XX, XXVI, XXVIII എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ശിപാർശകൾ നൽകുകയുമുണ്ടായി.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 21-02-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും, 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം, 'റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം', 'ഇ-ഡിസ്ട്രിക്ട് പദ്ധതി', 'സ്മാർട്ട് വില്ലേജ് പദ്ധതി', 'ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ' എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി യഥാക്രമം 12-7-2017, 28-9-2017, 24-10-2017, 28-12-2017 തീയതികളിൽ സമിതി യോഗം ചേരുകയുണ്ടായി. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്ഥിതി സംബന്ധിച്ച് സമിതി റവന്യൂ ദേവസ്വം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

29-11-2017-ലെ യോഗം, മുൻമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻനായരുടെ നിര്യാണത്തിൽ സമിതി അനുശോചനം രേഖപ്പെടുത്തി പിരിയുകയുണ്ടായി.

## ഭാഗം II

## ബില്ലുകളുടെ പരിഗണന

(1) 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 11-5-2017-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 17-5-2017-ന് സഭയിൽ സമർപ്പിച്ചു.

(2) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 20-3-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 22-3-2018-ന് സഭയിൽ സമർപ്പിച്ചു.

(3) 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ ബിൽ (2-ാം നമ്പർ) എന്നിവ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി II, V, VIII, XIV എന്നിവയുടെ സംയുക്തയോഗം 22-3-2018-ന് ചേർന്നു.

## ഭാഗം III

## ചട്ടങ്ങളുടെ പരിഗണന

എസ്.ആർ.ഒ.കളുടെ സാധൂകരണം

1. ദി റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പേരൻസ് ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് (കേരള) റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 628/2015) 24-10-2017-ലെ യോഗം പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനിക്കുകയും ചെയ്തു:

സമിതി മുമ്പാകെ സമർപ്പിച്ചിരിക്കുന്നത് പ്രസ്തുത ചട്ടത്തിന്റെ ഭേദഗതിയുടെ അംഗീകാരത്തിനാണെന്നും ആയത് രണ്ടാമത്തെ പ്രാവശ്യമാണ് സമിതി മുമ്പാകെ വരുന്നതെന്നും, മുൻപ് കേന്ദ്രസർക്കാർ ആക്ടിലെ 10(എ) വകുപ്പ് എടുത്തുകളഞ്ഞതിനാൽ ചട്ടങ്ങളിലെ ടി വകുപ്പ് ഒഴിവാക്കണമെന്ന് നിയമവകുപ്പ് സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നുവെന്നും ആയതിനാൽ ഭേദഗതി വരുത്തിയ പുതുക്കിയ ചട്ടം ഇനിയും സമിതി മുൻപാകെ സമർപ്പിക്കേണ്ടിവരുമെന്നും മനസ്സിലാക്കിയ സമിതി ടി എസ്.ആർ.ഒ. പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

2. ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 352/2015) 28-12-2017-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഭാഗം IV

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3409/സബ്സിബി1/2015/നി.സെ.)

ശിപാർശ

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I-2015 (സി) വകുപ്പ് പ്രകാരം സംസ്ഥാനത്തെ ജന്മിമാർക്കും മറ്റു ചിലർക്കും അലവൻസ് നൽകുന്നതിനായി വകകൊള്ളിച്ചിരിക്കുന്നത് 1,000 രൂപ മാത്രമാണ്. ഈ ശീർഷകത്തിൽ നിന്നും തുക ട്രഷറി മുഖേന നേരിട്ട് വിതരണം ചെയ്യുന്നതിനാൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തികവർഷം "2029-00-800-94-ജന്മിഭോഗവും കരത്തിൽ ചെലവും" എന്ന ശീർഷകത്തിൽ 6,50,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫ. നമ്പർ Rev-R3/45/16-RD, തീയതി 21-11-2016)

(സമിതി പരിഗണിച്ച തീയതി 12-7-2017)

(ഡിലേ സ്റ്റേറ്റ്മെന്റ് 8-3-2017-ൽ സഭയിൽ സമർപ്പിച്ചു)

## 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4577/സബ്സിബി1/2016/നി.സെ.)

ശിപാർശ

സംസ്ഥാനത്തെ 1535 വില്ലേജുകളിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഓഫീസ് ജോലിയുടെ ഭാഗമായുള്ള നോട്ടീസ് വിതരണം, അന്വേഷണം തുടങ്ങിയ വിവിധ

ജോലികൾ സുഗമമായി നിർവ്വഹിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ സ്ത്രീ ജീവനക്കാർക്ക് കൂടി ഉപയോഗിക്കത്തക്കവിധത്തിലുള്ള ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 750 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഇരുചക്രവാഹനങ്ങൾക്കുള്ള ഇന്ധനചെലവിനായി 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 1535 വില്ലേജുകളിൽ ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേക്കായി ഏകദേശം 7,35,03,475 രൂപ ചിലവ് വരുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചമല്ലാത്തതിനാൽ സംസ്ഥാനത്തെ 1535 വില്ലേജുകളിൽ ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കണമെന്ന നിർദ്ദേശം തൽക്കാലത്തേക്ക് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. മേൽപ്പറഞ്ഞ ഇരുചക്ര വാഹനങ്ങൾ വാങ്ങണമെന്ന നിർദ്ദേശം പരിഗണിക്കുന്ന മുറയ്ക്ക് പ്രസ്തുത വാഹനങ്ങൾക്കുള്ള ഇന്ധനചെലവിന് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

ശിപാർശ

വില്ലേജ് ഓഫീസുകളിൽ 40 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണെന്നും പല കെട്ടിടങ്ങളും ചോർന്നൊലിച്ച് ജീർണ്ണാവസ്ഥയിലായതുമൂലം വിലപ്പെട്ട രേഖകൾ നശിച്ചു പോകുന്നതായും സമിതി നിരീക്ഷിച്ചു. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനുള്ള പദ്ധതിയിൽ പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ചത് സംബന്ധിച്ച കണക്കുകളിൽ അന്തരം നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറട, പരശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പട്ടികാട്ടിൽ പീച്ചി പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസ് എന്നിവയുടെ അവസ്ഥ ശോചനീയമാണെന്ന്

സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുടെ മൂന്നാംഘട്ടം അടിയന്തരമായി പൂർത്തിയാക്കണമെന്നും വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തണമെന്നും വില്ലേജ് ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ജി. ഒ. (ആർറ്റി.) നമ്പർ 4262/09/റവ. തീയതി, 21-11-2009 പ്രകാരം 5 കോടി രൂപ 2029-00-101-99-34 other charges എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. ആയത് പ്രകാരം വില്ലേജാഫീസുകളിലെ ചോർച്ച തടയൽ, ടോയ്‌ലറ്റ് നിർമ്മാണം, ഇലക്ട്രിസിറ്റി ലഭ്യമാക്കൽ എന്നിവയുമായി യഥാക്രമം 418, 181, 81 പണികൾ ചെയ്യുകയുണ്ടായി. സ്മാർട്ട് വില്ലേജ് പദ്ധതിയിൽ പ്ലാൻ ഫണ്ടിൽ 33 വില്ലേജാഫീസ് കെട്ടിടങ്ങളും, എം.എൽ.എ. ഫണ്ടിൽ ഒരു വില്ലേജുമാണ് സ്മാർട്ട് വില്ലേജാഫീസ് I, II, III ഘട്ടങ്ങളിലായി നടപ്പിലാക്കുന്നത്. പ്ലാൻ ഫണ്ടിലെ പണികളിൽ 26 എണ്ണത്തിന്റെ നവീകരണം/ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി 7 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 2016-2017 സാമ്പത്തികവർഷത്തിൽ 7 വില്ലേജാഫീസുകൾ ഈ പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തു സ്വന്തമായി കെട്ടിടം ഇല്ലാത്ത എല്ലാ വില്ലേജാഫീസുകളും സ്മാർട്ട് വില്ലേജ് രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശിപാർശ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശകൾ നൽകിയിട്ടുണ്ട്.

(ഫയൽ നമ്പർ 46617/ജി1/16/റവന്യൂ, തീയതി 29-5-2017)

(സമിതി പരിഗണിച്ച തീയതി 28-9-2017)

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2018-ൽ സഭയിൽ സമർപ്പിച്ചു)

## ശിപാർശ

ലാന്റ് ബോർഡിന്റെയും ലാന്റ് ട്രൈബ്യൂണലിന്റെയും പരിഗണനയിലുള്ള പട്ടയം സംബന്ധിച്ച കേസുകൾ ഒരിക്കലും അവസാനിക്കാത്തവിധം കെട്ടിക്കിടക്കുന്നതും ജനങ്ങൾ അതിന്റെ പിറകെ വർഷങ്ങളായി അലയുന്നതും സമിതി ഗൗരവമായി വീക്ഷിക്കുന്നു.

ആകയാൽ ലാന്റ് ബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും റിട്ടയർമെന്റ് അടുത്തവരെ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുന്നതുമൂലമാണ് യഥാസമയം കേസ് തീർപ്പാകാത്തതെന്ന ആക്ഷേപം കണക്കിലെടുത്ത് സർവ്വീസ് കാലാവധി കൂടുതലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ കാലം പ്രിസൈഡിംഗ് ഓഫീസറായി നിയമിച്ച് കെട്ടിക്കിടക്കുന്ന കേസുകൾക്ക് അതിവേഗം പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ലാന്റ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള പട്ടയം സംബന്ധിച്ച കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് അഞ്ച് ജില്ലകളിലെ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) ലാന്റ് ട്രൈബ്യൂണലിന്റെ അധിക ചുമതല പ്രസ്തുത ജില്ലകളിലെ ഇതര ജോലികളിൽ ഏർപ്പെട്ടിട്ടുള്ള സ്പെഷ്യൽ തഹസീൽദാർമാർക്ക് 6 മാസത്തേക്ക് നൽകിക്കൊണ്ട് 30-7-2015-ലെ സ.ഉ.(പി.) നമ്പർ 361/15/റവ. (S.R.O. 488/2015) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി അധികചുമതല 31-12-2017 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 17-01-2017-ലെ സ.ഉ.(പി.)നമ്പർ 8/17/റവന്യൂ പ്രകാരം റവന്യൂ(സി) വകുപ്പിൽനിന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 3-1-2017-ലെ സ.ഉ.(അച്ചടി) നമ്പർ 1/2017/റവന്യൂ പ്രകാരം താലൂക്ക് ലാൻഡ് ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് റവന്യൂ (എഫ്) വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(റഫ. നമ്പർ Rev-T2/55/2017-REV, തീയതി 25-5-2017)

(സമിതി പരിഗണിച്ച തീയതി 28-9-2017)

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2018-ൽ സഭയിൽ സമർപ്പിച്ചു)

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

8, 10, 26 എന്നീ ഖണ്ഡികകളിലെ ശിപാർശകളും ആയതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റും 2017-2018 വർഷത്തെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

## ഭാഗം V

നിയമസഭാചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളുടെ വിവരം:-

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XVI—പെൻഷനും പലവകയും | 2016-2017 | റവന്യൂ | 22-8-2017 |
| XXVIII—പലവകസാമ്പത്തിക സർവ്വീസുകൾ | 2016-17 | റവന്യൂ | 22-8-2017 |
| XVI—പെൻഷനും പലവകയും | 2012-13 | റവന്യൂ | 6-2-2018 |
| XI—ജില്ലാഭരണവും പലവകയും | 2011-12 | ദേവസ്വം | 6-2-2018 |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | 2011-12 | ദേവസ്വം | 6-2-2018 |

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2018, മേയ് 29.

അനുബന്ധം

## 2017 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 ഏപ്രിൽ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.

2. ശ്രീ. കെ. രാജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

2. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി

2017 -18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും VI, XI, XX, XXIV, XXVIII എന്നീ ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളിച്ചിരുന്ന ചെലവിനങ്ങൾ പരിശോധിച്ച് സമിതി നൽകിയ ശിപാർശകൾ ഉൾക്കൊള്ളുന്ന 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 5-ാം ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക:

"സർവ്വെ വകുപ്പിൽ നിലവിലുള്ള 28 വാഹനങ്ങളിൽ 8 വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 13.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

കരട് റിപ്പോർട്ടിലെ 26-ാം ഖണ്ഡികയിലെ ശിപാർശ താഴെപ്പറയും പ്രകാരം മാറ്റുക:

"ആകയാൽ പട്ടയം നൽകാനുള്ള 1100 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് നിയമപരമായി പട്ടയം അനുവദിക്കുന്നതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു."

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമമനുസരിച്ച്, നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവസ്ഥിതിയിലാക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന കരട് റിപ്പോർട്ടിലെ 6-ാം ഖണ്ഡികയിലെ ശിപാർശ പരിഗണിക്കവെ 2008 -ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങളെ സംബന്ധിക്കുന്ന പുതിയ പട്ടിക ബന്ധപ്പെട്ട വകുപ്പിനോടാവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന കരട് റിപ്പോർട്ടിലെ 12-ാം ഖണ്ഡികയിലെ ശിപാർശ പരിഗണിക്കവെ മുൻവർഷങ്ങളിൽ ഈ ആവശ്യത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ചതിന്റെ രേഖകൾ സമിതിക്ക് ലഭിച്ചിട്ടില്ലായെന്ന് നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ദേവസ്വം വകുപ്പിനോടാവശ്യപ്പെടാൻ നിർദ്ദേശിച്ചു. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് തൻവർഷത്തിന് മുൻപുള്ള 5 വർഷങ്ങളിലെ ധനവിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ദേവസ്വംവകുപ്പിൽനിന്നും നാളിതുവരെ ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതി രാവിലെ 11.30-ന് യോഗം പിരിഞ്ഞു.

## 11-5-2017-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 മേയ് 11-ാം തീയതി സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, ,,
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
4. ശ്രീ. പുരുഷൻ കടലുണ്ടി, ,,
5 ശ്രീ. എം. ഉമ്മർ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമ കുമാരി, അഡീഷണൽ സെക്രട്ടറി
2. ശ്രീ.എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ദേവസ്വം വകുപ്പ്
2. ശ്രീ. ജി. മോഹനൻ പിള്ള, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

യോഗത്തിൽ സമിതി 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സർവ്വശ്രീ അടൂർ പ്രകാശ്, എം.എൽ.എ., എം. ഉമ്മർ, എം.എൽ.എ. എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## 2017 മേയ് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 മേയ് 22-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം നിയമസഭാ സമുച്ചയത്തിലെ '4 സി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ. രാജൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമ കുമാരി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
2. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
3. ശ്രീമതി ഇ. ആർ. ശോഭന, അഡീഷണൽ ഡയറക്ടർ, സർവ്വെ വകുപ്പ്
4. ശ്രീ. പി. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതി, 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 7 മുതൽ 12 വരെയുള്ള ഖണ്ഡികകളിലെയും 19, 20 എന്നീ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

സംസ്ഥാനത്ത് ശോചനീയാവസ്ഥയിലായ വില്ലേജ് ഓഫീസുകളുടെ നവീകരണം, 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി എന്നീ വിഷയങ്ങൾ സംബന്ധിച്ച 31-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ, പ്രസ്തുത പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് റവന്യൂവകുപ്പിന്റെ ശീർഷകത്തിലേക്ക് മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സമിതി ചർച്ച ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിൽ പെൻഡിംഗിലാണെന്നും റവന്യൂ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുത്തിട്ടുണ്ടെന്നും സർവ്വെ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ തുക വകയിരുത്തിയാൽ ശോചനീയാവസ്ഥയിലായ വില്ലേജ് ഓഫീസുകളെ അടിയന്തരമായി നവീകരിക്കാൻ കഴിയില്ലായെന്ന് വിലയിരുത്തിയ സമിതി 41 വില്ലേജ് ഓഫീസുകളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളിൽ 26 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' പദ്ധതിക്കായി അനുവദിച്ച തുക വർഷങ്ങളായി ചെലവഴിക്കാതിരിക്കുകയാണെന്നും നിരീക്ഷിച്ചു.

തൃശ്ശൂർ ജില്ലയിലെ പീച്ചി, പാണഞ്ചേരി വില്ലേജ് ഓഫീസുകൾ ബൈഫർക്കേറ്റ് ചെയ്തതിനെത്തുടർന്ന് സ്ഥലദൗർലഭ്യം നിമിത്തം രേഖകൾ സൂക്ഷിക്കാൻ സാധിക്കാതെ നശിച്ചുപോകുന്നതിനാൽ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ പട്ടയം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് സമിതി നിരീക്ഷിച്ചു. പീച്ചി, പാണഞ്ചേരി

വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഈ വർഷം നടത്തുവാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന്, പീച്ചി വില്ലേജ് ഓഫീസിന്, നിലവിൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുതന്നെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഈ വർഷം ഭരണാനുമതി നൽകുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സർവ്വെ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത വില്ലേജ് ഓഫീസുകൾ രണ്ടും ശോചനീയാവസ്ഥയിലാണെങ്കിലും ഒരു വില്ലേജ് ഓഫീസിന് മാത്രമായി ഭരണാനുമതി ലഭിക്കുന്നത് നാട്ടുകാർക്കിടയിൽ അതൃപ്തിയുണ്ടാക്കുമെന്ന് സമിതി വിലയിരുത്തി. പാണഞ്ചേരി വില്ലേജ് ഓഫീസിനായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ട് ഉള്ളതിനാൽ സ്ഥലം ലഭ്യമാക്കിയാൽ കെട്ടിടം നിർമ്മിക്കാമെന്നും സർവ്വെ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു. പാണഞ്ചേരി വില്ലേജിൽത്തന്നെ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള വില്ലേജ് ഓഫീസുകളുടെ നവീകരണ/ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽനിന്നും മാറ്റി റവന്യൂ വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 2017 ജൂലൈ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 ജൂലൈ 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹാജരായ പ്രസ്തുത യോഗത്തിൽ താഴെ ചേർക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.
2. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
3. ശ്രീ. എം. ഉമ്മർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. എ. റ്റി. ജെയിംസ്, കമ്മീഷണർ, ലാന്റ് റവന്യൂ
4. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ
5. ഡോ. ഡി. സജിത് ബാബു, ഡെപ്യൂട്ടി കളക്ടർ, ലാന്റ് റവന്യൂ
6. ശ്രീ. ആർ. ഹരി, സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്
7. ശ്രീ. കെ. മുരളി, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്.
8. ശ്രീ. ടി. ജെ. ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
9. ശ്രീമതി ജെ. എസ്. മോളി ജോൺ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ (ആർ) വകുപ്പ്
10. ശ്രീമതി എ. ഗീത, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
11. ശ്രീ. സബീർ സമീദ്, അസിസ്റ്റന്റ് കമ്മീഷണർ (LA) ലാന്റ് റവന്യൂ
12. ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ (DM) ലാന്റ് റവന്യൂ
13. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
14. ശ്രീ. എസ്. ജാഫർഖാൻ, അണ്ടർ സെക്രട്ടറി, റവന്യൂ (പി) വകുപ്പ്
15. ശ്രീ. ജെ. ഷാജി, റിവർ മാനേജ്മെന്റ് സെൽ
16. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
17. ശ്രീ. എൻ. രവികുമാർ, ഫിനാൻസ് ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
18. ശ്രീ. വി. ശങ്കരൻപോറ്റി, ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

19. ശ്രീ. ജി. മുരളീകൃഷ്ണൻ, ചീഫ് എഞ്ചിനീയർ (ജനറൽ), തിരുവിതാംകൂർ ദേവസ്വം ബോർഡ്

20. ശ്രീമതി വി. ബി. ഷീല, ഡെപ്യൂട്ടി കളക്ടർ (DM), പത്തനംതിട്ട

21. ശ്രീ. കെ. ജി. ജയശങ്കർ, ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, പത്തനംതിട്ട.

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ച വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സമിതിയുടെ വിവിധ ശിപാർശകളിൻമേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു.

ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

III. (2) ചട്ടപ്രകാരം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള കുറിപ്പുകളിൽ കഴിഞ്ഞ 5 വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യവും വ്യതിയാനങ്ങളുമുള്ളപക്ഷം അവയ്ക്കുള്ള കാരണങ്ങളും ഉൾപ്പെടുത്തണമെന്ന സമിതി നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 952/സബ്സി ബി1/2017/നി.സെ.)

ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ നന്നാക്കുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെന്നും വരൾച്ച രൂക്ഷമായപ്പോൾ 10 കോടി രൂപ ധനകാര്യവകുപ്പ് പരിശോധിച്ച് ഭരണാനുമതി നൽകി തുക അനുവദിച്ചിരുന്നതായും എസ്.ഡി.ജി. വന്നപ്പോൾ 10 കോടി രൂപയ്ക്ക് നടപടികൾ സ്വീകരിച്ചെങ്കിലും റെഗുലറൈസ് ചെയ്യുതിൽ ഒരു കോടി രൂപ മാത്രം വന്നതിനാലാണ് മേൽ സൂചിപ്പിച്ച പ്രകാരം 8.65 കോടി രൂപ അധികം ചെലവായതായി റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

ചില ദേവസ്വം ബോർഡുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്ത പ്രശ്നങ്ങളുള്ളതായി സമിതി ചൂണ്ടിക്കാട്ടുകയുണ്ടായി. ട്രാവൻകൂർ ദേവസ്വം ബോർഡിന്റെ 10 ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ വർക്കുകളും സ്വന്തം ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതാണെങ്കിലും ബഹു. ഹൈക്കോടതിയുടെ അനുമതി വേണമെന്നുള്ള വ്യവസ്ഥ ഉള്ളതിനാലും, എല്ലാ കുളങ്ങളും ദേവസ്വം ബോർഡിന്റെ എക്സ്പെൻഡിച്ചറിൽ വരുന്നതുകൊണ്ടുമാണ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ കാലതാമസം വരുന്നതെന്നും ഒരു വർഷം അധികം എടുത്താണെങ്കിലും ആയത് ലഭ്യമാക്കാൻ സാധിക്കുന്നതാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചു.

യഥാർത്ഥത്തിൽ സംരക്ഷിക്കപ്പെടേണ്ട ധാരാളം ക്ഷേത്രങ്ങളുണ്ടെന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അതിന് അപര്യാപ്തമാണെന്നും അവ സംരക്ഷിക്കാൻ സാധിച്ചാൽ 'ഹരിത കേരളം' പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം പൂർത്തീകരിക്കാൻ

സാധിക്കുന്നതാണെന്നും സമിതി വിലയിരുത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ട് ചെലവഴിക്കാൻ സാധിക്കുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് 80% തുകയും ചെലവഴിച്ചിട്ടുണ്ടെന്നും 2 വർഷം മുമ്പ് 3 കോടി 31 ലക്ഷം രൂപയാണ് ലഭിച്ചിരുന്നതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി മറുപടി നൽകി. ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ലായെന്നും മലബാർ ദേവസ്വത്തിന്റെ കുളങ്ങളുടെ അവസ്ഥ വളരെ ശോചനീയമാണെന്നും 100 കോടി രൂപയെങ്കിലും വാങ്ങിയെടുത്താൽ മാത്രമേ മലബാർ മേഖലയിൽ കുറച്ച് തുകയെങ്കിലും ഇക്കാര്യങ്ങൾക്കുവേണ്ടി നൽകാൻ കഴിയൂയെന്നും സമിതി വിലയിരുത്തി. പദ്ധതി ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച് ദേവസ്വം ബോർഡുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ നൽകാത്തതിനാലാണ് അനുവദിച്ച തുക ചിലവഴിച്ചത് സംബന്ധിച്ച വിശദാംശം യഥാസമയം നൽകാൻ കഴിയാതിരുന്നത് എന്ന് വകുപ്പുദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു

(3) 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 2721/സബ്സിബി1/12/നി.സെ.)

മലബാർ ദേവസ്വം ബോർഡിന്റെ 2011-12 ലെ വാർഷികപ്രവർത്തന റിപ്പോർട്ട് യോഗത്തിൽ സമർപ്പിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു

II. (1) 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ3409/സബ്.സി.ബി1/2015/നി.സെ.)

ഖണ്ഡിക 6-ലെ ശിപാർശയിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിച്ചു

(2) 4-3-2014-ലെ യോഗം - തുടർനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 2381/സബ്.സി.ബി1/2014/നി.സെ.)

<u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും വരൾച്ചാ ദുരിതാശ്വാസ ആവർത്തികൾക്കുള്ള ചെലവ് സംബന്ധിച്ചുള്ള സമിതി നിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്</u>

തുടർന്ന് വരൾച്ച/വെള്ളപ്പൊക്ക ദുരിതാശ്വാസം സംബന്ധിച്ച് എല്ലാ ജില്ലകളിലും വർക്കൊന്നും നടക്കുന്നില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടുകയുണ്ടായി. ഇതു സംബന്ധിച്ച അവലോകനം നടത്തണമെന്ന് 30-1-2017-ന് തന്നെ ഗവൺമെന്റിൽനിന്നും ജില്ലാ കളക്ടർമാരോട് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയതിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല. നിലവിലെ സ്ഥിതി അറിയിക്കുന്നതിന് കുറച്ചുകൂടി സമയം ആവശ്യമുണ്ടെന്നും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന വർക്കിൽ പിന്നീട് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുന്നതും, എസ്റ്റിമേറ്റ് എടുക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ

എഞ്ചിനീയർമാർ വരുത്തുന്ന കാലതാമസവും പദ്ധതി നടത്തിപ്പിന് കാലതാമസം വരുത്തുന്നതായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ വിശദീകരിച്ചു.

ഇത്തരത്തിലുള്ള വർക്ക് 14 ജില്ലകളിലും പിറകോട്ടാണെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളത് തീർന്നിട്ടില്ലായെന്ന് മാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവദിച്ച വർക്കുകൾ തുടങ്ങിയിട്ടുമില്ലായെന്നും വർക്ക് ചെയ്തു തീർത്തവർക്ക് ഫണ്ട് ലഭിക്കുന്നുമില്ലായെന്നും സമിതി നിരീക്ഷിച്ചു. ഫണ്ടിന് കുറവില്ലായെന്നും എല്ലാ ജില്ലകളിലും ആവശ്യത്തിനുള്ള ഫണ്ടുണ്ടെന്നും വർക്ക് ചെയ്ത് എടുക്കുന്നതിനുള്ള കാലതാമസമാണുള്ളതെന്നും ആയത് നടപ്പിലാക്കുന്ന ഏജൻസി ബ്ലോക്ക് പഞ്ചായത്താണെന്നും റവന്യൂ വകുപ്പിന് വർക്ക് പ്രയോഗത്തിൽ വരുത്തുന്നതിനുള്ള എഞ്ചിനീയറിംഗ് വിഭാഗമില്ലായെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. കൂടാതെ എം.പി. സ്കീം പോലെ യഥാർത്ഥത്തിൽ എപ്പോഴും ഫണ്ട് ലഭിക്കുന്ന പദ്ധതിയാണിതെന്നും എന്നാൽ എന്തുകൊണ്ടാണ് തദ്ദേശസ്വയംഭരണ വകുപ്പ് വർക്ക് ഏറ്റെടുത്ത് ചെയ്യാത്തതെന്ന് അറിയില്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എല്ലാ ജില്ലകളിലും ഈ പദ്ധതിക്ക് പണമുണ്ടെന്നും ഈ പണം ചെലവഴിക്കാത്തതു കൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കാത്തതെന്ന് സമിതി ചൂണ്ടിക്കാട്ടിയ വേളയിൽ, വകുപ്പിന്റെ പക്കലുള്ള തുക കുറവാണെന്നും കഴിഞ്ഞ പ്രാവശ്യം വരൾച്ചയുമായി ബന്ധപ്പെട്ട് അനുവദിച്ച തുക ഇതുവരെ പിൻവലിച്ചിട്ടില്ലായെന്നും ഭരണാനുമതിയിൽ പറഞ്ഞ സമയത്ത് വർക്ക് തീർക്കാത്തതുകൊണ്ട് വീണ്ടും വർക്ക് തുടങ്ങുവാനുള്ള അനുമതി കൊടുക്കുകയും അടുത്ത ഒരു വർഷംകൊണ്ട് വർക്ക് തീർക്കണമെന്ന് പറയുകയും ചെയ്യുമെന്നും അത് പൂർത്തിയാകാതിരിക്കുമ്പോൾ ബിൽ പേ ചെയ്യണമെങ്കിൽ സമയം ഇനിയും അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. കൂടാതെ അതിവേഗം പരിഹരിക്കേണ്ടതായ റിലീഫ് വർക്കുകൾക്ക് മൂന്നോ നാലോ വർഷം കഴിഞ്ഞാണ് ബിൽ തുക നൽകുന്നതെന്ന നടപടിക്രമം തെറ്റാണെന്ന് പലപ്പോഴും എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

I. <u>കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ചർച്ച</u>

പൊട്ടിപ്പൊളിഞ്ഞുപോയ ജലാശയങ്ങളുടെ സംരക്ഷണഭിത്തി കെട്ടണമെന്ന് ബഹു. മന്ത്രിതന്നെ നേരിട്ട് വന്ന് പറഞ്ഞിട്ടും തുകയില്ലായെന്ന കാരണത്താൽ അത് ചെയ്തിട്ടില്ലായെന്ന് സമിതി നിരീക്ഷിച്ചപ്പോൾ അത്തരത്തിലുള്ള 7 പദ്ധതികൾ

സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ മറുപടി നൽകി. തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ട് യഥാർത്ഥത്തിൽ ചെലവഴിക്കേണ്ടത് നദീസംരക്ഷണത്തിനാണെന്നും ഇതിന്റെ പേരിലുള്ള സംരക്ഷണഭിത്തി കെട്ടൽ യഥാർത്ഥത്തിൽ ജലാശയങ്ങളെ നശിപ്പിക്കലാണെന്നും ഇത്തരത്തിലുള്ള പ്രവൃത്തികൾ പുറമ്പോക്ക് സ്ഥലങ്ങളുടെ കയ്യേറ്റത്തിന് വഴിതെളിച്ചിട്ടുണ്ടെന്നും റിവർ മാനേജ്മെന്റിൽ പ്രഥമ പരിഗണന കൊടുക്കേണ്ടത് തടയണകൾ നിർമ്മിക്കുന്നതിനാവണമെന്നും സമിതി വിലയിരുത്തുകയുണ്ടായി. തടയണകൾ ശാസ്ത്രീയമല്ലെന്നും ജലാശയങ്ങളുടെ സ്വാഭാവിക ഒഴുക്കിനെ അത് ബാധിക്കുമെന്നതിനാൽ ഇപ്പോൾ 'റബ്ബറൈസ്ഡ് തടയണ' എന്ന പുതിയ ഒരു ആശയം വന്നിട്ടുണ്ടെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു. എന്നാൽ 'റബ്ബറൈസ്ഡ് തടയണകൾ' താല്കാലികമാണെന്നും തടയണകൾ വലിയ ഉയരത്തിൽ കെട്ടുന്നവയല്ലെന്നും ഇരു കരകളിലേയും ജലവിതാനം ഉയർത്തുന്നതിന് അവ ഏറെ പ്രയോജനം ചെയ്യുമെന്നും സമിതി വ്യക്തമാക്കി.

പുഴയുടെ വശങ്ങൾ കല്ലിട്ട് കെട്ടുന്നതിനു പകരം വെജിറ്റേറ്റീവ് പ്രൊട്ടക്ഷൻ നടത്തണമെന്നും റിവർ മാനേജ്മെന്റ് എന്നത് പുഴകൾക്കുള്ളിൽ മാത്രമല്ല, അതിലേക്ക് വെള്ളം ഒഴുകി വരുന്ന പ്രദേശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും ഇപ്പോൾ 'ഹരിത കേരളം' പദ്ധതിയുടെ ഭാഗമായി വാട്ടർ ഹാർവെസ്റ്റിംഗ് പരിപാടി നടത്തുന്നുണ്ടെന്നും യഥാർത്ഥത്തിൽ പണം ചെലവഴിക്കേണ്ടത് ഇത്തരം പ്രവൃത്തികൾക്കാകണമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി.

പുഴകളിലേക്ക് വെള്ളം ഒഴുകിവരുന്ന പ്രദേശങ്ങളിൽ നിന്നും കൃഷിക്ക് എന്ന രീതിയിൽ വ്യാപകമായി വെള്ളം എടുക്കുകയാണെന്നും അനുമതിയില്ലാതെ കടവുകളിലെ മണൽ ഖനനം തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച് നടപടികളൊന്നും ആരും കൈക്കൊള്ളാറില്ലെന്നും സംസ്ഥാന സർക്കാരിന്റെ ചുമതലയിൽ വരുന്നത് ഒമ്പത് നദികൾ മാത്രമാണെന്നും എന്നാൽ സാന്റ് ഓഡിറ്റ് ഉൾപ്പെടെയുള്ളവ മുഴുവൻ നദികളിലും നടന്നുവരികയാണെന്നും സമിതി നിരീക്ഷിച്ചു.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നദികളുടെ ഉടമസ്ഥത അതാത് പഞ്ചായത്തുകൾക്കാണെന്നും എന്നാൽ പല പഞ്ചായത്തുകളിലൂടെ നദി ഒഴുകുന്നതിനാൽ അതിന്റെ മൊത്തത്തിലുള്ള സംരക്ഷണം സാധ്യമല്ലായെന്നും ഇതേ പ്രശ്നം കായലുകളെ സംബന്ധിച്ച് ജലസേചന വകുപ്പിലും നിലനിൽക്കുന്നുണ്ടെന്നും പഞ്ചായത്ത്രാജ് ആക്ടിലെ ജലാശയങ്ങളെ സംബന്ധിച്ച സെക്ഷൻ നിയമസഭയിൽ പുനഃപരിശോധിക്കണമെന്നും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എല്ലാ ജില്ലകളിലും റിവർ മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ടെന്നും എന്നാൽ ആയതിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം വളരെ കുറവായതിനാൽ ഇത് സംബന്ധിച്ചും, മേൽ സൂചിപ്പിച്ച പഞ്ചായത്ത് രാജ് ആക്ട് സെക്ഷനിലും ആവശ്യമായ നിയമഭേദഗതി വരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

II. (3) 7-7-2014-ലെ യോഗം തുടർനടപടി സംബന്ധിച്ച്

(ഫയൽനമ്പർ 4626/സബ്സിബി1/2014 നി.സെ.)

തുടർന്ന് ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെന്നും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് അടുത്ത രണ്ട് വർഷത്തേക്ക് ആരോഗ്യ വകുപ്പ് പോലെയുള്ള അവശ്യ വകുപ്പുകളിലൊഴികെ പുതിയ തസ്തിക സൃഷ്ടിക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതായും ലാന്റ് റവന്യ കമ്മീഷണർ സമിതി മുമ്പാകെ ബോധിപ്പിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസൽ 2018-19-ലെ ബഡ്ജറ്റിലേക്കായി ഒന്നുകൂടി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

പുതിയ ഗ്രൂപ്പ് വില്ലേജ് രൂപീകരിക്കാൻ കഴിയില്ലെന്നും സിംഗിൾവില്ലേജായി വിഭജിക്കുകയാണ് ചെയ്യുന്നതെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഒരു വില്ലേജ് ഓഫീസിൽ മിനിമം എത്ര ജീവനക്കാരാണുള്ളതെന്ന് സമിതിയുടെ ചോദ്യത്തിന് 6 സ്റ്റാഫ് വരെ ആകാമെന്നും എന്നാൽ എല്ലാ ഓഫീസിലും അത്രയും സ്റ്റാഫ് ഇല്ലായെന്നും ആർ.ഡി.ഒ.മാർ സ്റ്റാഫിനെ അവരുടെ ഓഫീസിലേക്ക് നിയമിക്കുന്നുവെന്നും വില്ലേജ് ഓഫീസിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ സ്റ്റാഫിനെ നിയമിച്ചതിനുശേഷം ബാക്കിയുള്ളവരെ ആർ.ഡി.ഒ. ഓഫീസിൽ മതിയെന്നു തീരുമാനിച്ചാൽ പ്രശ്നമുണ്ടാകില്ലെന്നും റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ജനസംഖ്യ കൂടുതലുള്ള നഗരങ്ങളിലെ വില്ലേജ് ഓഫീസുകളിൽ പലപ്പോഴും ആവശ്യത്തിന് ജീവനക്കാരില്ലാത്തത് വളരെയേറെ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നും ആയതിനാൽ വില്ലേജ് ആഫീസിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി.

III. (1) ദി ഗവൺമെന്റ് ലാന്റ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998

(ഫയൽ നമ്പർ 15150/സബ്സിബി1/1999/നി.സെ.)

പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തതു സംബന്ധിച്ച്, കേരള ലാൻഡ് അസൈൻമെന്റ് ആക്ടിൽനിന്നുമുള്ള ഇൻഡസ്ട്രിയൽ റൂൾ, അസൈൻമെന്റിനു വേണ്ടി നിലവിലുണ്ടെന്നും എന്നാൽ ഇപ്പോൾ സെലക്ഷൻ പ്രോസസ് നടത്തി സെലക്ട് ചെയ്ത് അലോട്ട്മെന്റ് നടത്തുകയും വ്യവസായികൾ പണമടച്ച് 30 വർഷത്തേക്ക് ലീസിന് എടുക്കുകയുമാണ് ചെയ്യുന്നതെന്നും അലോട്ട്മെന്റ് റൂൾ, അസൈൻമെന്റുമായി ബന്ധപ്പെട്ടതല്ലെന്നും മേൽ സൂചിപ്പിച്ച ലീസ് കാലാവധി കഴിഞ്ഞാലും പുതുക്കി കൊടുക്കാമെന്നുള്ള ലീസ് റൂൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ ലീസിൽ നൽകിയാൽ ലീസ് ക്യാൻസൽ ചെയ്ത്

തിരിച്ചെടുക്കാൻ എളുപ്പമാണെന്നും അദ്ദേഹം അറിയിച്ചു. നിയമസഭാ സമിതിയുടെ മുന്നിൽ ഈ വിഷയം ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 18 വർഷം കഴിഞ്ഞിട്ടും ആയത് ലഭ്യമാക്കാൻ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇതു സംബന്ധിച്ച വിശദീകരണം ജോയിന്റ് മീറ്റിംഗ് വിളിച്ച് ചേർത്ത് അടുത്ത യോഗത്തിനു മുമ്പായി സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

യോഗം ഉച്ചയ്ക്ക് ശേഷം 3.30-ന് പിരിഞ്ഞു.

## 2017 സെപ്റ്റംബർ 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 സെപ്റ്റംബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ. രാജൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി.ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്.പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി സി. കെ. ലത, സെക്രട്ടറി, ലാൻഡ് ബോർഡ്
3. ശ്രീ. ബി. ഹരീന്ദ്രനാഥൻ നായർ, അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ
4. ശ്രീമതി എ. ഗീത, അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ
5. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 'ഇ-ഡിസ്ട്രിക്ട് പദ്ധതി' എന്ന വിഷയം സംബന്ധിച്ചും 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1, 2, 25, 31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചും, റവന്യൂ ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ :

I. 'ഇ-ഡിസ്ട്രിക്ട് പദ്ധതി'

റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് ഓൺലൈൻ അപേക്ഷ നൽകിയാൽ സർട്ടിഫിക്കറ്റുകൾ അപ്പോൾത്തന്നെ ലഭിക്കുന്നുണ്ടെന്നും എന്നാൽ വില്ലേജ് ഓഫീസിൽ നേരിട്ട് അപേക്ഷ കൊടുക്കുന്നവരോട് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിക്കുന്നതായും സർക്കാർ ഉത്തരവുപ്രകാരം സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ നേരിട്ട് അപേക്ഷിക്കുന്നവരുടെ സർട്ടിഫിക്കറ്റ് നേരിട്ട് നൽകുന്നത് പരിഗണിക്കണമെന്ന് നിർദ്ദേശമുണ്ടെന്നും എന്നാൽ ഓൺലൈൻ അപേക്ഷ തന്നെ വേണമെന്ന് ഉദ്യോഗസ്ഥർ ശഠിക്കുന്ന നടപടി ശരിയല്ലായെന്നും നേരിട്ട് അപേക്ഷ കൊടുക്കുന്നതു സംബന്ധിച്ച് വ്യക്തത വേണമെന്നും സമിതി അഭിപ്രായപ്പെട്ടു

മുൻകാലങ്ങളിൽ വില്ലേജ് ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾക്കായി നൽകുന്ന രേഖകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നുവെന്നും ആയതുമൂലം പിന്നീട് സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധനാ വേളയിൽ അതിന് കഴിയാതെ വരുന്നുവെന്നും കൂടാതെ ഒരാൾ തുടർച്ചയായി ഒന്നിൽകൂടുതൽ വരുമാന സർട്ടിഫിക്കറ്റുകൾ വാങ്ങുന്നവേളയിൽ ഉദ്യോഗസ്ഥന് മുമ്പ് നൽകിയ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരുന്നതായും എന്നാൽ ടി സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കിയതുവഴി അനുവദിക്കുന്ന സർട്ടിഫിക്കറ്റുകളെല്ലാം റെക്കോർഡഡ് ആയതിനാൽ ഇതിനൊക്കെ വലിയ മാറ്റം വന്നുവെന്നും, എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ നേരിട്ട് നൽകുന്ന അപേക്ഷകൾ ഇലക്ട്രോണിക് റെക്കോർഡാക്കി സർട്ടിഫിക്കറ്റുകൾ അപേക്ഷകന് നേരിട്ട് നൽകുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകാമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചു. കൂടാതെ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുണ്ടെന്നും ജീവനക്കാർക്ക് കമ്പ്യൂട്ടർ അനുവദിക്കുന്നപക്ഷം അപേക്ഷകനുവേണ്ടി ഉദ്യോഗസ്ഥനുതന്നെ ഓൺലൈൻ സർട്ടിഫിക്കറ്റ് എടുത്തുകൊടുക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓൺലൈൻ സൗകര്യത്തിലേക്ക് മാറിയതുകൊണ്ട് അത് പ്രയോജനപ്പെടുത്തുന്നവർക്ക് വളരെവേഗം സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നുണ്ടെന്നും എന്നാൽ ആവശ്യമുള്ളപക്ഷം അപേക്ഷാ ഫീസും സ്റ്റാമ്പുമൊക്കെ ഒടുക്കി, വില്ലേജ് ഓഫീസിൽനിന്നും

സർട്ടിഫിക്കറ്റുകൾ നേരിട്ട് എടുക്കാവുന്നതാണെന്നും എന്നാൽ ആയത് വില്ലേജ് ഓഫീസർ ഇലക്ട്രോണിക് റെക്കോർഡാക്കി നൽകേണ്ടിവരുമെന്നും ആയതിന് ഉദ്യോഗസ്ഥരിൽ നിന്നും സമ്മിശ്ര പ്രതികരണം ഉണ്ടാവാൻ സാധ്യതയുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു

ഓൺലൈൻ സമ്പ്രദായം വളരെ ഫലപ്രദമാണെന്നതിനാൽ ഈ സൗകര്യം വ്യാപകമാക്കണമെന്നും സർട്ടിഫിക്കറ്റുകൾക്കായി നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർക്കും സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കണമെന്നും ഓൺലൈൻ സൗകര്യം വന്നതുകൊണ്ട് നിഷേധാത്മകമായ നിലപാട് ചില ഉദ്യോഗസ്ഥർ എടുക്കുന്നത് ശരിയല്ലെന്നും ഇതു സംബന്ധിച്ച് കൃത്യമായ ഒരു മാർഗനിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

2014 മുതലുള്ള കണക്ക് പരിശോധിച്ചാൽ ഓൺലൈൻ സംവിധാനം വഴി 3 കോടി 8 ലക്ഷം സർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ആവശ്യമുണ്ടെന്നും ഇപ്പോൾ പല സർട്ടിഫിക്കറ്റുകളിലും ആയതിന്റെ ആവശ്യകത സൂചിപ്പിക്കാതെ നൽകുന്നതു കൊണ്ടും, സർട്ടിഫിക്കറ്റിൽ ഇ-സിഗ്നേച്ചർ ആയതുകൊണ്ടും ഒരു സർട്ടിഫിക്കറ്റിന്റെ പകർപ്പ് തന്നെ പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന സൗകര്യത്തിലേക്ക് മാറിയെന്നും സർട്ടിഫിക്കറ്റിന്റെ സാധുത ആർക്കും പരിശോധിക്കാൻ കഴിയുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

തുടർന്ന് അക്ഷയ കേന്ദ്രങ്ങളെക്കുറിച്ച് വലിയ ആരോപണങ്ങൾ വരുന്നുണ്ടെന്നും വില്ലേജ് ഓഫീസുകളിൽനിന്ന് ലഭിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ ഇപ്പോൾ വിലപിടിപ്പുള്ളവയായി മാറിയിരിക്കുകയാണെന്നും, സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള ഫീസ് നിശ്ചയിക്കുന്നത് അക്ഷയ സെന്ററുകളാണെന്നും എന്നാൽ തുക ഈടാക്കുന്നതിന് രസീത് നൽകുന്നതുമില്ലായെന്നും അഭിപ്രായപ്പെട്ട സമിതി ആയത് പരിശോധിക്കാൻ എന്ത് സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് ആരാഞ്ഞു. ആവശ്യമില്ലാത്ത രേഖകൾ സ്കാൻ ചെയ്ത് അതിന് തുക ഈടാക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് ബോധവൽക്കരണം നൽകേണ്ടതുണ്ടെന്നും കൂടുതൽ തുക ഈടാക്കുന്ന അക്ഷയകേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും ഈ വർഷം 150 വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്നും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കുന്നതോടെ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാനാകുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായും, അക്ഷയ കേന്ദ്രങ്ങൾവഴി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ നൽകേണ്ട ഫീസ്; രേഖകൾ എന്നിവ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും അക്ഷയ കേന്ദ്രങ്ങളിലും വില്ലേജ് ഓഫീസുകളിലും വ്യക്തമായി

പ്രദർശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും അക്ഷയകേന്ദ്രങ്ങളും വില്ലേജ് ഓഫീസുകളുമായി ഉണ്ടായേക്കാവുന്ന തെറ്റായ ബന്ധം കർശനമായി തടയുന്നതിനുള്ള നടപടികൾ ഉണ്ടാവണമെന്നും സമിതി നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച നിർദ്ദേശം ഐ.ടി. വകുപ്പിനും ജില്ലാ കളക്ടർമാർക്കും അക്ഷയ സെന്ററുകൾക്കും നൽകാമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പു നൽകി.

വില്ലേജ് ഓഫീസിൽനിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നേരിട്ട് അപേക്ഷ കൊടുക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതി ഡെപ്യൂട്ടി തഹസീൽദാർ / ചാർജ്ജ് ഓഫീസർക്ക് നൽകാവുന്നതാണെന്നും വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട ഏതു പരാതിയും ബന്ധപ്പെട്ട താലൂക്ക് ഓഫീസർ സ്വീകരിക്കണമെന്നും, പരാതിപ്പെട്ടികൾ സ്ഥാപിക്കണമെന്നും ഇത് സംബന്ധിച്ച് ഇറക്കിയിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി.

തുടർന്ന് വില്ലേജ് ഓഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാലദൈർഘ്യം സംബന്ധിച്ച് ഇലക്ട്രോണിക് സിസ്റ്റത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണെന്നും, സർട്ടിഫിക്കറ്റുകളുടെ ഫോട്ടോകോപ്പി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നും, ആവശ്യപ്പെടുമ്പോൾമാത്രം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്നുമുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. വില്ലേജ് ഓഫീസുകളെക്കുറിച്ചുള്ള പരാതികൾ നൽകേണ്ട താലൂക്ക് ഓഫീസിലെ ചാർജ്ജ് ഓഫീസറുടെ പേരും ബന്ധപ്പെടേണ്ട ഫോൺ നമ്പരും എല്ലാ വില്ലേജ് ഓഫീസിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമസഭാ കമ്മിറ്റിയിൽ ഉൾപ്പെടെ ആക്ഷേപം വന്ന സാഹചര്യത്തിൽ ജില്ലകളിലും താലൂക്കുകളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തി വില്ലേജ് ഓഫീസർമാർക്ക് ക്ലാസ് നൽകണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

II. <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 25-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ:</u>

(ഫയൽ നമ്പർ 4577/സബ്.സി.ബി.1/നി.സെ.)

മിനിമം രണ്ട് വർഷമെങ്കിലും കഴിയാതെ ലാന്റ് ട്രിബ്യൂണലിന്റെ ചുമതല വഹിക്കുന്ന തഹസീൽദാർമാരെ ആ സ്ഥാനത്ത് നിന്നും മാറ്റരുതെന്നും റിട്ടയർമെന്റ് ആകാറായ ഉദ്യോഗസ്ഥരെ പ്രസ്തുത തസ്തികയിൽ നിയമിക്കരുതെന്നുള്ള ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഓരോ മാസവും അയ്യായിരത്തോളം കേസുകൾ തീർപ്പാക്കുന്നുണ്ടെന്നും കൃത്യമായി

എല്ലാ മാസവും ഉദ്യോഗസ്ഥരുമായി ഇതു സംബന്ധിച്ച അവലോകനം നടത്താറുണ്ടെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ ഇതു സംബന്ധിച്ച് ധാരാളം പ്രശ്നങ്ങളുണ്ടെന്ന് വിലയിരുത്തിയ സമിതി, തീർപ്പാക്കിയ കേസുകളിൽ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും, അതിനായി സംസ്ഥാനം മുഴുവൻ റവന്യൂ ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. കൂടാതെ വനഭൂമി പട്ടയം സംബന്ധിച്ച ജോയിന്റ് വെരിഫിക്കേഷൻ, കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ കാന്തപുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ തടസ്സപ്പെട്ടിരിക്കുകയാണെന്ന് സമിതി നിരീക്ഷിച്ചു. 5 ജില്ലകളിലെ ജോയിന്റ് സർവ്വെ പൂർത്തിയാക്കി പട്ടയം കൊടുത്തു കഴിഞ്ഞുവെന്നും ബാക്കിയുള്ള ജില്ലകളിൽ ആയത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. റിപ്പോർട്ട് കമ്മിറ്റി അംഗീകരിച്ചു.

III. <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1, 2, 31 നമ്പർ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ :</u>

(ഫയൽ നമ്പർ 4577/സബ്.സി.ബി.1/2016/നി.സെ.)

തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട്ടിൽ പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസിലെ 'സ്മാർട്ട് വില്ലേജ്' പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയെന്നും ഫണ്ടിന്റെ 20% തുക റിലീസ് ചെയ്തുവെന്നും താഴത്തെ നില നിർമ്മിക്കാനായി 33 ലക്ഷം രൂപ അനുവദിച്ചുവെന്നും മുകളിലത്തെ നിലയുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതാണെന്നും പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും, പീച്ചി വില്ലേജാഫീസ് മാത്രമാണ് 'സ്മാർട്ട് വില്ലേജ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. കൂടാതെ വെള്ളറട വില്ലേജിന്റെ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം വനം വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ എൻ.ഒ.സി. ലഭിക്കാതെ അവിടെ പുതിയ വില്ലേജാഫീസ് നിർമ്മിക്കുവാൻ കഴിയുകയില്ലായെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ടി ഓഫീസിനായി സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും, പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഈയടുത്താണ് സ്ഥലം കണ്ടെത്തിയതെന്നും ഇതിനായി അടുത്ത സാമ്പത്തിക വർഷം മാത്രമേ മുൻഗണന നൽകിക്കൊണ്ട് ഫണ്ട് അനുവദിക്കാൻ സാധിക്കുകയുള്ളുവെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ അറിയിച്ചു.

പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് 47 ലക്ഷം രൂപ അനുവദിച്ചുവെന്നാണ് കഴിഞ്ഞ സമിതിയിൽ രേഖാമൂലം അറിയിച്ചതെന്നും, ടി തുക 33 ലക്ഷം ആയതെങ്ങനെയെന്ന സമിതിയുടെ ചോദ്യത്തിന് ഒരു വില്ലേജ് ഓഫീസ്

നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുകയാണ് 47 ലക്ഷമെന്നും, രണ്ടു വില്ലേജാഫീസും കൂടി ഒരു വളപ്പിൽ വേണ്ടെന്നും പാണഞ്ചേരി വില്ലേജാഫീസിന് മറ്റൊരു സ്ഥലം കണ്ടെത്തണമെന്നമാണ് പറഞ്ഞിരുന്നതെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി. ഒരു വളപ്പിൽ തന്നെ രണ്ട് വില്ലേജാഫീസുകളും നിർമ്മിക്കണമെന്നാണ് സമിതിയിൽ തീരുമാനിച്ചതെന്നും ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ സമിതിയംഗങ്ങളെ യഥാസമയം അറിയിച്ചിട്ടില്ലായെന്നും സമിതി നിരീക്ഷിച്ചു തുടർന്ന് ഒരു യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രശ്നങ്ങൾ വരുമ്പോൾ ആ വിവരം സമിതിയംഗങ്ങളെ അറിയിക്കണമെന്ന് നിർദ്ദേശിച്ച സമിതി, 1,2,31 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അംഗീകരിച്ചു 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 3 മുതൽ 6 വരെയും 12 മുതൽ 18 വരെയും 21 മുതൽ 30 വരെയുമുള്ള ശിപാർശകളിന്മേൽ അടിയന്തരമായി മറുപടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും, കുരാച്ചുണ്ട് പഞ്ചായത്തിലെ വനഭൂമി പട്ടയം സംബന്ധിച്ച ജോയിന്റ് വെരിഫിക്കേഷൻ, പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസുകളിലെ സ്മാർട്ട് വില്ലേജ് പദ്ധതി എന്നീ വിഷയങ്ങളെക്കുറിച്ച് അടുത്ത യോഗത്തിൽ വിശദാംശങ്ങൾ നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു.

## 2017 ഒക്ടോബർ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 ഒക്ടോബർ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെചേർക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
2. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. മാത്യുക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി,

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്

2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീ. എ. റ്റി. ജെയിംസ്, കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ

4. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ

5. ശ്രീ. ബി. ഹരീന്ദ്രനാഥൻ നായർ, അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ

6. ശ്രീമതി എ. ഗീത, അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ

7. ശ്രീ. വി. സുഭാഷ്, സീനിയർ ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 'സ്മാർട്ട്-വില്ലേജ് പദ്ധതി', എസ്. ആർ. ഒ. നമ്പർ 628/2015 [ദി റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റിഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് (കേരള) റൂൾസ്, 2015]-ന്റെ സാധൂകരണം എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. 'സ്മാർട്ട്-വില്ലേജ് പദ്ധതി' :

2013-14-ൽ ആരംഭിച്ച സ്മാർട്ട്-വില്ലേജ് പദ്ധതിയിൽ 14 ജില്ലകളിലായി ഓരോ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കാനാണ് ഒന്നാംഘട്ടത്തിൽ തീരുമാനമെടുത്തിരുന്നതെന്നും, ആയത് ആ വർഷംതന്നെ പൂർത്തീകരിച്ചതായും 2014-15-ൽ ലക്ഷ്യമിട്ടിരുന്ന 11 വില്ലേജുകളിൽ 10 എണ്ണം പൂർത്തീകരിച്ചതായും പി. ഡബ്ല്യൂ.ഡി. ചെയ്യുന്ന ഒരെണ്ണം പൂർത്തിയാകാനുണ്ട് എന്നും 2015-16-ൽ 9 വില്ലേജുകളിൽ 2-ഉം പൂർത്തീകരിച്ചതായും ബാക്കിയുള്ള 7 എണ്ണത്തിന്റെയും 2016-17-ലെ 7 വില്ലേജ് ഓഫീസുകളുടെയും പ്രവൃത്തികൾ അന്തിമഘട്ടത്തിലാണെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. കൂടാതെ 2017-18-ലെ പദ്ധതിയിലുൾപ്പെട്ട വില്ലേജ് ഓഫീസുകൾക്ക് 25-9-2017-ൽ ഭരണാനുമതി ലഭിച്ചെന്നും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ടി പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചുവെന്നും ബാക്കിയുള്ള ജില്ലകളുടെ എഗ്രിമെന്റിനായുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

II. എസ്. ആർ. ഒ. നമ്പർ 628/2015-ന്റെ സാധൂകരണം :

[ദി റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് (കേരള) റൂൾസ്, 2015]

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രസ്തുത റൂളിൽ റവന്യൂ ഉദ്യോഗസ്ഥരെ കോടതികളിൽ നിയമിക്കുമെന്നാണ് പറഞ്ഞിരുന്നതെന്നും എന്നാൽ റവന്യൂ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ അയയ്ക്കാൻ കഴിയില്ലെന്നും കോടതിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ തന്നെ വേണമെന്ന ഹൈക്കോടതി നിർദ്ദേശമുണ്ടായതിനാൽ ഈ റൂളിൽനിന്ന് റവന്യൂ ഉദ്യോഗസ്ഥരെ നിയമിക്കുന്ന ഭാഗം ഒഴിവാക്കണമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. എന്നാൽ ഇതിൽ റവന്യൂവകുപ്പിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ട തല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ചട്ടം ഉണ്ടാക്കുന്ന വേളയിൽ, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിഷയമായതിനാലാണ് അന്ന് റവന്യൂ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വേണമെന്ന തീരുമാനമെടുത്തതെന്നും എന്നാൽ ഭൂമി ഏറ്റെടുക്കലും മറ്റും ജില്ലാ കോടതിയിലേക്ക് മാറ്റിയപ്പോൾ റവന്യൂ ഉദ്യോഗസ്ഥർ വേണ്ടെന്നും കോടതി ജീവനക്കാർ മതിയെന്നുമുള്ള തീരുമാനമുണ്ടായതെന്നും ലാന്റ് റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി. ഈ വേളയിൽ ഭരണഘടനാപരമായി ഈ നടപടി ശരിയാണെന്നും മുമ്പ് സബ് കോടതികളിൽ എൽ.എ.ആർ. കേസുകൾ നടന്നുകൊണ്ടിരുന്നപ്പോഴും കോടതി ജീവനക്കാർ തന്നെയാണ് ആയത് കൈകാര്യം ചെയ്തതെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (എ) പ്രകാരം ഒരു റൂൾ തയ്യാറാക്കുമ്പോൾ അതിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടിയ വേളയിൽ ഇത് ഒറിജിനൽ റൂൾ അല്ലെന്നും, ഭേദഗതിയാണ് വന്നിരിക്കുന്നതെന്നും ഈ റൂൾ രണ്ടാമത്തെ പ്രാവശ്യമാണ് സമിതി മുമ്പാകെ വരുന്നതെന്നും മുമ്പ് കേന്ദ്രസർക്കാർ ആക്ടിലെ 10 (എ) വകുപ്പ് എടുത്തു കളഞ്ഞതിനാൽ ചട്ടങ്ങളിലെ ടി വകുപ്പ് ഒഴിവാക്കണമെന്ന് നിയമവകുപ്പ് സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നുവെന്നും ആയതിനാൽ ഭേദഗതി വരുത്തിയ പുതുക്കിയ റൂൾ ഇനിയും സമിതി മുമ്പാകെ സമർപ്പിക്കേണ്ടിവരുമെന്നും റവന്യൂ ഉദ്യോഗസ്ഥർ വ്യക്തമാക്കി. തുടർന്ന് പുതുക്കിയ റൂൾസ് സമർപ്പിക്കുമെന്നതിനാൽ നിലവിലെ എസ്.ആർ.ഒ. പരിഗണിക്കേണ്ടതില്ല എന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ 2017 സെപ്റ്റംബർ മാസത്തെ യോഗത്തിൽ പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജ് ഓഫീസുകളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അടുത്ത യോഗത്തിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച്, സ്ഥലപരിമിതിമൂലം രണ്ട് വില്ലേജ് ഓഫീസുകൾ ഒരേ വളപ്പിൽ

രണ്ട് നിലകളിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിരുന്നതായും പീച്ചി വില്ലേജ് ഓഫീസിനായി ഫണ്ട് റിലീസ് ചെയ്തുതായും, രണ്ട് വില്ലേജ് ഓഫീസുകളുടെ ഓഫീസ് റൂമുകൾ ഒന്നാം നിലയിൽ നിർമ്മിക്കാനും രണ്ടാം നിലയിൽ റെക്കോർഡ്റൂം നിർമ്മിക്കാനുമാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതായും ലാന്റ് റവന്യൂ ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

യോഗം രാവിലെ 11.00 മണിക്ക് അവസാനിച്ചു.

## 2017 ഡിസംബർ 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2017 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹാജരായ പ്രസ്തുത യോഗത്തിൽ താഴെചേർക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. പി.ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എസ്.പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പി.എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ.ആർ ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീമതി ബി.എസ്. പവനകുമാരി, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീമതി കെ.ഡി. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ

6. ശ്രീമതി ഇ. ആർ. ശോഭന, അഡീഷണൽ ഡയറക്ടർ, സർവ്വെ ആന്റ് ലാൻഡ് റിക്കോർഡ്സ്

7. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം (a) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ (b) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ എന്നീ വിഷയങ്ങളെ സംബന്ധിച്ചും, എസ്.ആർ.ഒ. നമ്പർ 352/2015-ന്റെ സാധൂകരണം, 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 8, 10, 26 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചും, 'ഭൂമി കേരളം പദ്ധതി' സംബന്ധിച്ച സമിതി റിപ്പോർട്ടിനെ സംബന്ധിച്ചും റവന്യൂ ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. <u>ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ:</u>

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വ്യാപൃതമായതിനാലാണ് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കുറിപ്പ് സമിതി മുമ്പാകെ സമർപ്പിക്കുവാൻ സാധിക്കാതിരുന്നതെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത വിഷയം മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 8, 10 & 26 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

<u>ശിപാർശ നമ്പർ 8</u>

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ബഡ്ജറ്റിൽ പ്ലാൻ ഹെഡിലാണ് 5 കോടി രൂപ വകയിരുത്തിയിട്ടുള്ളതെന്നും നോൺ പ്ലാൻ ഫണ്ടിൽ ഇതുവരെ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളം പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിവരുന്നതെന്നും നോൺ പ്ലാൻ ഹെഡ് അനുവദിക്കുന്നതിനായി അടുത്ത ബഡ്ജറ്റിൽ ഡിമാന്റ് വച്ചിട്ടുണ്ടെന്നും റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## ശിപാർശ നമ്പർ 10

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'ആപത് മിത്ര' എന്ന പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 22.7 ലക്ഷം രൂപ മതിയാകുമെന്നും ആയതിന്റെ ട്രെയിനിംഗ്, ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചതായും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഡയറക്ടറായ ഫയർഫോഴ്സ് ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് കോട്ടയത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് നടപ്പിലാക്കണമെന്നാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നതെന്നും അതു പ്രകാരം 100 വോളന്റിയർമാരെ തെരഞ്ഞെടുക്കുകയും അവരുടെ ട്രെയിനിംഗിനുവേണ്ടിയുള്ള സാമഗ്രികൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും 300 പേരെ തെരഞ്ഞെടുത്തതിൽ നിന്നും 200 പേരുടെ പട്ടിക കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടെന്നും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ബാക്കി നടപടികളിലേയ്ക്ക് കടക്കാവുന്നതാണെന്നും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട ഈ പ്രോജക്ടിന്റെ നടത്തിപ്പിന്റെ ലഘൂകരണ പരിപാടികളാണ് ദുരന്ത നിവാരണ അതോറിറ്റി ചെയ്യുന്നതെന്നും ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി. തുടർന്ന് സമിതി ഖണ്ഡിക 10-ന് ലഭിച്ച മറുപടി അംഗീകരിച്ചു.

## ശിപാർശ നമ്പർ 26

പട്ടയവുമായി ബന്ധപ്പെട്ട വിഷയം പലതവണ ഉന്നയിക്കപ്പെട്ടുവെങ്കിലും ആയതിന്മേൽ തുടർനടപടികൾ ഉണ്ടായിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. വനഭൂമി ഉൾപ്പെടുന്ന കേസുകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയശേഷം ഇതു സംബന്ധിച്ച പട്ടികയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്നും തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ പട്ടിക തയ്യാറാക്കി വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട് എന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ജലസേചനം/പൊതുമരാമത്ത് വകുപ്പുകളുടെ കൈവശമുള്ള മിച്ചഭൂമി, റവന്യൂ പുറമ്പോക്ക്, തരിശുഭൂമി എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ പട്ടയം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വിഷയങ്ങളാണ് സമിതി ആരാഞ്ഞു.

എട്ടോളം ജില്ലകളിലാണ് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുള്ളതെന്നും എല്ലാ ജില്ലകളുടേയും പട്ടിക ഒരുമിച്ച് നൽകണമെന്നാണ് കേന്ദ്രത്തിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഇതു സംബന്ധിച്ച അവലോകനയോഗങ്ങൾ നടത്തി

കർശന നിർദ്ദേശങ്ങൾ നൽകുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നില്ലായെന്നും മൂന്ന് തലത്തിലുള്ള പരിശോധന പൂർത്തിയാക്കിവേണം കളക്ടർമാർക്ക് അന്തിമപട്ടിക കേന്ദ്രത്തിന് അയച്ചു കൊടുക്കേണ്ടതെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

കുരാച്ചുണ്ടിൽ കുടിയിറക്കൽ നടപ്പാക്കരുതെന്ന് 1957-ലെ ഗവൺമെന്റ് തീരുമാനിച്ചതാണെന്നും എന്നാൽ ഇപ്പോൾ അവിടെ കുടിയിറക്കാൻവേണ്ടി നോട്ടീസ് കൊടുത്തിരിക്കുകയാണെന്നും ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് വനം-റവന്യൂ വകുപ്പുകൾ യോജിച്ചു പ്രവർത്തിക്കുന്നില്ലായെന്നും സമിതി ചൂണ്ടിക്കാട്ടിയ വേളയിൽ, കുരാച്ചുണ്ടിൽ ഹൈക്കോടതി ഉത്തരവുപ്രകാരം 1977-ന് ശേഷം കയ്യേറിയവർക്കാണ് വനം വകുപ്പ് നോട്ടീസ് കൊടുത്തിരിക്കുന്നതെന്നും ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിനു ശേഷം 1977-ന് മുൻപ് കയ്യേറിയവരുടെ പട്ടിക കേന്ദ്രത്തിന്റെ അംഗീകാരത്തിനായി അയയ്ക്കുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

വാഴിച്ചൽ, വെള്ളറട, ഒറ്റശേഖരമംഗലം, ആനാവൂർ വില്ലേജുകളിൽ ഒരു വില്ലേജിൽ ഒരു ഏക്കർ 56 സെന്റ് റവന്യൂ പുറമ്പോക്ക് ജനപ്രതിനിധികളുടെ ഇടപെടലിനെ തുടർന്ന് കണ്ടെത്താൻ സാധിച്ചുവെന്നും ഒരു തർക്കങ്ങളുമില്ലാതെ പതിച്ചുകൊടുക്കാൻ കഴിയുന്ന സ്ഥലങ്ങളുണ്ടായിട്ടും പതിച്ചുകൊടുക്കാതെ ഇപ്പോഴും അതുസംബന്ധിച്ച ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും, 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി വീട് കൊടുക്കേണ്ടതിനാൽ പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർദ്ദേശം നൽകിയിരുന്നതാണെന്നും വിലയിരുത്തിയ സമിതി സബ്കളക്ടർമാരെ അടിക്കടി മാറ്റുന്നത് ഈ വിഷയത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരിക്കുകയാണെന്നും കൂട്ടിച്ചേർത്തു. തുടർന്ന് ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ കാര്യത്തിൽ അവരുടെ എൻ.ഒ.സി. ആവശ്യമാണെന്നും എന്നാൽ റവന്യൂ പുറമ്പോക്കിന്റെ കാര്യത്തിൽ തടസ്സങ്ങൾ വരേണ്ടതില്ല എന്നും അഭിപ്രായപ്പെട്ട സമിതി 'ലൈഫ്' പോലുള്ള പദ്ധതികൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കേണ്ടതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി.

തൃശ്ശൂർ ജില്ലയിലെ കേന്ദ്രാനുമതി ലഭിച്ച പട്ടയഭൂമിയിലെ മരവില നിശ്ചയിക്കുന്നതിൽ അനുഭാവപൂർവ്വമായ നിരക്ക് നിശ്ചയിച്ച് തടിയുടെ വില കണക്കാക്കുന്ന നടപടികൾ സ്വീകരിച്ചതായും അപേക്ഷാ രജിസ്റ്റർ കാണുന്നില്ലായെന്നും ചിലരുടെ പേരുകൾ അതിലില്ലായെന്നുമുള്ള പ്രശ്നങ്ങളുണ്ടെന്നും, 1-1-1977-ന് മുൻപ് ഭൂമി കൈയ്യേറിയവരുടെ കേസിൽ ആദ്യം തീർപ്പ് കല്പിച്ചശേഷം അതിനുശേഷമുള്ളവരുടെ കാര്യത്തിൽ പിന്നീട് തീരുമാനമെടുക്കാനുമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. സമിതി ഖണ്ഡിക നമ്പർ 26-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അംഗീകരിച്ചു.

## 'ഭൂമികേരളം പദ്ധതി' സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 3401/സബ്. സി.ബി1/2014/നി.സെ.)

'ഭൂമികേരളം പദ്ധതി' സംബന്ധിച്ച സമിതി റിപ്പോർട്ടിലെ 14 ശിപാർശകളിൽ ഒന്നിനുപോലും നാളിതുവരെ നടപടി സ്റ്റേറ്റ്മെന്റ്, റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലായെന്ന് സമിതിയെ അറിയിച്ചപ്പോൾ വേളയിൽ, പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് തയ്യാറായിട്ടുണ്ടെന്നും മൂന്ന് വർഷത്തിനകം റീസർവ്വേ പൂർത്തിയാക്കണമെന്നാണ് ശിപാർശയെന്നും കേരളം മുഴുവൻ ഡിജിറ്റൽ സർവ്വേ ചെയ്യുന്നതിനുള്ള തീരുമാനം ഉടൻ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും റവന്യൂ അധികൃതർ മറുപടി നൽകി. കൂടാതെ ഇതിന് മുന്നോടിയായി കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളിൽ തൃപ്തികരമായി ഡിജിറ്റൽ സർവ്വേ ചെയ്തു തീർത്തുവെന്നും അവിടെ അടുത്ത 10 വില്ലേജുകളിലും ഇടുക്കി ജില്ലയിലെ 10 വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ നടക്കുന്നുണ്ടെന്നും കാസർഗോഡ് മോഡലിൽ കേരളം മുഴുവൻ ഡിജിറ്റൽ സർവ്വേ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും റവന്യൂ വകുപ്പ് ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു

തുടർന്ന് കാസർഗോഡ് ജില്ലയിലെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ച് പരാതികൾ ഉള്ളതായി സമിതി നിരീക്ഷിക്കുകയുണ്ടായി. പരാതികൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും ഓരോ ബ്ലോക്കും സർവ്വേ ചെയ്ത് തീരുമ്പോൾ അതിന്റെ ഡിജിറ്റൽ മാപ്പ്, ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസിൽ ക്യാമ്പ് ചെയ്ത്, അതാത് ആളുകളെ കാണിച്ച് ബോധ്യപ്പെടുത്തി ഒപ്പിട്ട് വാങ്ങിയതിനുശേഷം മാത്രമേ അന്തിമതീരുമാനം എടുക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകിയിരുന്നതായും റവന്യൂ അധികൃതർ വ്യക്തമാക്കി. കൂടാതെ ഡിജിറ്റൽ മാപ്പ് ഒരുമാസക്കാലം വില്ലേജ് ഓഫീസിൽ പ്രദർശനത്തിന് വച്ചിരുന്നുവെന്നും അന്തിമ രേഖകളിൽ അപാകതകളുണ്ടെങ്കിൽ അത് പരിശോധിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചു

റീസർവ്വേ നടപടികളുടെ കാലതാമസം കാരണമാണ് സർക്കാർ ഡിജിറ്റൽ സർവ്വേയെപ്പറ്റി ആലോചിച്ചതെന്നും, പ്ലാനിംഗ് ബോർഡിന്റെ സാമ്പത്തിക സഹായം ഇതിന് ലഭ്യമാകുമെന്നും നിരീക്ഷിച്ച സമിതി, കാസർഗോഡ് ജില്ലയിലെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ച് നാട്ടിലില്ലാത്തവർ, വിദേശത്തുള്ളവർ എന്നിവരുടെ പ്രശ്നങ്ങളും, ചിലരുടെ ഭൂമി കാണാനില്ലായെന്ന പരാതിയും ഉണ്ടായിട്ടുണ്ടെന്നും എന്നാൽ വ്യാപകമായ പരാതികളില്ലായെന്നും വിലയിരുത്തി. സ്ഥിരമായി കരമടച്ചുകൊണ്ടിരിക്കുന്ന ഒരാളുടെ ഭൂമിയെ സംബന്ധിച്ച് സർവ്വേയർക്ക് മറ്റു തെളിവിന്റെയൊന്നും ആവശ്യമില്ലായെന്നും, അയാളുടെ അഭാവത്തിൽ സ്വന്തം പേരിൽ എഴുതുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ലായെന്നും റവന്യൂ അധികൃതർ മറുപടി നൽകി.

കൂടാതെ മലപ്പുറം ജില്ലയിലെ മേൽമുറിയിൽ റീസർവ്വേ പൂർത്തിയാക്കി സർവ്വേ റെക്കോർഡ്സ്, വില്ലേജിലേയ്ക്ക് കൊടുത്തിട്ടുണ്ടെന്നും വഞ്ചിയൂർ വില്ലേജിൽ റീസർവ്വേ ഏകദേശം തീരാറായെന്നും റീസർവ്വേ ഒരു നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കിയാലും പിന്നീട് ഭൂമിയിൽ വരുന്ന കൈമാറ്റങ്ങൾ യഥാസമയം തന്നെ പുതുക്കിയാലേ ആയതിൽ പരാതികൾ ഒഴിവാക്കാൻ കഴിയുകയുള്ളുവെന്നും, ഇത്തരത്തിൽ ഒരു പരാതി ഉണ്ടാകുന്നപക്ഷം ആയത് തഹസീൽദാർക്ക് ഉടൻതന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടെന്നും വിശദീകരിക്കുകയും 'ഭൂമികേരളം പദ്ധതി' സംബന്ധിച്ച റിപ്പോർട്ട് ഔദ്യോഗികമായി സമിതിക്ക് സമർപ്പിക്കാമെന്നും സർവ്വെ ആന്റ് ലാന്റ് റവന്യൂ അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരമുള്ള രണ്ടാമത്തെ വിഷയമായ 'ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ' എന്ന വിഷയം പരിഗണിച്ചു. പ്രസ്തുത വിഷയത്തിൽ മലബാർ ദേവസ്വം ബോർഡിന് മാത്രമാണ് എല്ലാ വർഷവും ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി സർക്കാർ ഗ്രാന്റ് നൽകുന്നതെന്നും, എച്ച്.ആർ. ആന്റ് സി.ഇ.-യുടെ (Hindu Religious & Charitable Endowment Act) ഭാഗമായിരുന്ന മലബാർ ദേവസ്വം ബോർഡിന്റെ കമ്മിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ബഹു. ദേവസ്വവും മന്ത്രി ചെയർമാനായുള്ള കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷമാണ് ഇത്തരത്തിലുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റ് സർക്കാർ അനുവദിക്കുന്നതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

## എസ്.ആർ.ഒ. നമ്പർ 352/2015-ന്റെ സാധൂകരണം

(ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ്, 2015)

(ഫയൽ നമ്പർ 5256/സബ്.സി.ബി1/2015/നി.സെ.)

1997-നുശേഷം ദേവസ്വം ബോർഡിൽ റഗുലർ റിക്രൂട്ട്മെന്റ് നടന്നിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് 2014-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്വമേധയാ കേസ് എടുത്ത സാഹചര്യത്തിലാണ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചതെന്നും, ദേവസ്വം ബോർഡ് നിയമനങ്ങൾ ആദ്യം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചുവെങ്കിലും പിന്നീട് ഗവൺമെന്റ് മാറിവരികയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരികയും ചെയ്തുവെന്നും. എന്നാൽ മൂന്ന് മാസത്തിനുള്ളിൽ ചട്ടങ്ങൾ തയ്യാറാക്കി റിക്രൂട്ട്മെന്റ് നടത്താൻ ഹൈക്കോടതി സ്വമേധയാലെടുത്ത നടപടിക്കുറിപ്പിലൂടെ നിർദ്ദേശിച്ചതിൻ പ്രകാരം അടിയന്തരമായി ചട്ടങ്ങൾ രൂപീകരിച്ച് പുറപ്പെടുവിച്ചുവെന്നും ആയതിനാൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കരട് ചട്ടങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കുവാൻ

സാധിച്ചില്ലായെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചു. കൂടാതെ പ്രസ്തുത എസ്.ആർ.ഒ.യുടെ പകർപ്പ് സമിതിക്ക് ലഭ്യമാക്കുവാൻ കാലതാമസം വന്നിട്ടുണ്ടെന്നും, ആയത് മാപ്പാക്കണമെന്നും ടി എസ്.ആർ.ഒ.യിൽ ഭേദഗതികൾ വരാനുള്ള സാധ്യതകൾ ഉള്ളതായും അദ്ദേഹം ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2017 നവംബർ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 നവംബർ 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വം വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെചേർക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം. എൽ. എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
5. ശ്രീ. കെ. രാജൻ, എം. എൽ. എ.
6. ശ്രീ. എം. ഉമ്മർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ദേവസ്വം വകുപ്പ്
2. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, ദേവസ്വം കമ്മീഷണർ
3. ശ്രീമതി ആർ. ഗിരിജ, ജില്ലാ കളക്ടർ, പത്തനംതിട്ട

4. ശ്രീ. സുദേശ് കുമാർ, ഐ. പി. എസ്., എ. ഡി. ജി. പി.,

5. ശ്രീ. മനോജ് എബ്രഹാം, ഐ. പി. എസ്. ഐ. ജി., തിരുവനന്തപുരം റേഞ്ച്

6. ശ്രീ. സതീഷ് ബിനോ, ഐ. പി. എസ്, ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട .
മുൻ മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ സമിതി അനുശോചനം രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് ശേഷം 3.20-ന് പിരിഞ്ഞു.

## 2018 ഫെബ്രുവരി 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച 10.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം. എൽ. എ.

2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ. എ.

3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.

4. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യൂക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്

2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്

3. ശ്രീ. സി.എ. ലത, സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡ്

4. ശ്രീ. എ. റ്റി. ജെയിംസ്, കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

5. ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്

6. ശ്രീ. പി. ജി. തോമസ്, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്

7. ഡോ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

8. ശ്രീമതി അദീല അബ്ദുള്ള, സ്റ്റേറ്റ് പ്രോജക്ട് മാനേജർ, നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട്

9. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

10. ശ്രീ. ബി. കെ. രാജേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

11. ശ്രീ. സി. ഹരീന്ദ്രനാഥൻ നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ VI, XI, XX, XXVI, XXVIII എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

### 2029-00-001-97—റവന്യൂ വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിവിധ സംയോജിത സേവന വിനിമയ സംവിധാനം ഒരുക്കുന്നതിനും രജിസ്ട്രേഷൻ, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ഭൂരേഖാ സേവന വിനിമയ സംവിധാനം ഏകോപിപ്പിച്ചുകൊണ്ട് ഭൂരേഖ കൈകാര്യം ചെയ്യുന്നതിനും ഒരു ഫലപ്രദമായ സംവിധാനം കൊണ്ടുവരുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, 23.46 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

### 2029-00-103-95—ഭൂരേഖാ സേവന ലഭ്യതയും ഉദ്ഗ്രഥനവും

ഗവൺമെന്റ് ഓഫ് ഇന്ത്യ അപ്രൂവ് ചെയ്തിട്ടുള്ള എക്സ്റ്റേണൽ ഏജൻസികളെക്കൊണ്ട് സർവ്വേ നടത്തുകയും, സർക്കാർ ഉദ്യോഗസ്ഥർ ആയത് പുനഃപരിശോധിക്കുകയും ചെയ്താൽ സർവ്വേ ജോലികൾ പൂർത്തിയാക്കാമെന്ന് വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സർവ്വേ-റവന്യു-രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂരേഖ അനുബന്ധ സേവനങ്ങൾ ഒന്നിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾക്കും വില്ലേജ് ഡിജിറ്റൽ സർവ്വെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ, ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2018-2019 വർഷത്തിൽ ലക്ഷ്യമിടുന്ന ഡിജിറ്റൽ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനായി, 57 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2029-00-001-98—<u>കേരളത്തിലെ സ്മാർട്ട് റവന്യു ഓഫീസുകൾ</u>

വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിയ്ക്കായി മേൽ ശീർഷകത്തിൽ 2017-18 വർഷം 1000 ലക്ഷം രൂപയുടെ അധിക ധന അനുമതി ലഭിക്കുകയുണ്ടായി എന്നും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകങ്ങളിൽ ഉണ്ടായിരുന്ന പദ്ധതികളായ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റിലെ കോൺഫറൻസ് ഹാൾ നവീകരണം ഇവയ്ക്കായി 2017-18 സാമ്പത്തിക വർഷം 1540 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അധികധനാനുമതി ലഭിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റ് ഹാൾ നവീകരണം എന്നീ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം പൊതുമരാമത്ത് വകുപ്പിന്റെ 4059-01-051-61-(PV) (1400 ലക്ഷം രൂപ), 2059-01-051-82-(PV) (500 ലക്ഷം രൂപ), 2059-01-051-81-(PV) (400 ലക്ഷം രൂപ) എന്നീ ശീർഷകങ്ങളിലാണ് വകയിരുത്തിയിട്ടുള്ളതെന്നും കൂടാതെ, സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2018-2019 ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 235.80 ലക്ഷം രൂപ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തി യിരിക്കുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ വ്യക്തമാക്കി. മേൽ പരാമർശിച്ച പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണവകുപ്പുമുഖേനയോ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകു മെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-61-(PV), (14 കോടി രൂപ), 2059-01-051-82-(PV) (5 കോടി രൂപ), 2059-01-051-81-(PV) (4 കോടി രൂപ) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള

യഥാക്രമം 1400 ലക്ഷം രൂപയും, 500 ലക്ഷം രൂപയും 400 ലക്ഷം രൂപയും, ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-നകീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 235.80 ലക്ഷം രൂപ റവന്യൂ വകപ്പിന്റെ 2029-00-01-98 എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്**

2245-80-102-95 —<u>ചുഴലിക്കാറ്റ് മൂലമുള്ള അപകടസാദ്ധ്യത ശമിപ്പിക്കാനുള്ള ദേശീയപദ്ധതി</u>

സൈക്ലോൺ ഷെൽട്ടറുകൾ, വാണിംഗ് സിസ്റ്റം എന്നിവയെക്കുറിച്ച് സമിതി ആരായുകയും സൈക്ലോൺ ഷെൽട്ടറുകൾ 27 എണ്ണത്തിൽ 3 എണ്ണമൊഴികെ മറ്റെല്ലാത്തിനും ഇടം ആയിട്ടുണ്ടെന്നും വാണിംഗ് സിസ്റ്റം നിർമ്മിക്കുന്നതിനായി ടെലികോം അതോറിറ്റിയെ കൺസൾട്ടന്റായി ഏർപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ്മൂലമുണ്ടാകുന്ന അപകട സാദ്ധ്യത വ്യാപ്തി കുറയ്ക്കുന്നതിനുവേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയായ ദേശീയ ചുഴലിക്കാറ്റ് അപകട സാദ്ധ്യത ലഘൂകരണ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാകില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ദുരന്തസാധ്യതാ മുന്നറിയിപ്പ് സംവിധാനത്തിനുള്ള ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്നും, ടെലികോം കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡുമായി (ടി.സി.ഐ.എൽ.) കരാറുണ്ടാക്കി പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിന് 2 കോടി രൂപ അത്യാവശ്യമാണെന്നും റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2245-80-102-94—<u>ഇന്ത്യയിൽ വെള്ളപ്പൊക്ക ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്ന തെരഞ്ഞെടുത്ത 30 ജില്ലകളിൽ സാമൂഹിക സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന് (ആപ്ത മിത്ര) —കോട്ടയം ജില്ല</u>

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റീയർമാരെ പരിശീലിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് അനുവദിച്ച തുക ആവശ്യമായതിനാൽ അഡീഷണൽ ഓതറൈസേഷൻവഴി പ്രസ്തുത പദ്ധതിയുമായി (ആപ്ത മിത്ര) ബന്ധപ്പെട്ട ഈ ശീർഷകത്തിൽ 22.7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2245-80-800-80 —പലവക ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ചെലവുകൾ

വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞ വേളയിൽ ദുരിതാശ്വാസത്തിനായുള്ള പ്രവൃത്തികൾക്ക് സർക്കാർ അനുമതി നൽകിയാലും ഓരോ തലത്തിലുള്ള നടപടിക്രമങ്ങൾക്കും പ്രവൃത്തികൾ പൂർത്തിയാക്കുവാനും രണ്ട് വർഷമെടുക്കുമെന്നതിനാൽ, ആയതിന് സമയം നീട്ടിനൽകിയാണ് തുക നൽകുന്നതെന്നും, ഒരു വർഷം ഏകദേശം 100 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള അനുമതി സർക്കാർ നൽകുന്നുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ (എസ്.ഡി.ആർ.എഫ്.) 50% ചെലവാക്കിയാൽ കേന്ദ്ര സർക്കാരിൽനിന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള ധനസഹായം പൂർണ്ണമായും ലഭിക്കുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. കൂടാതെ എല്ലാ ജില്ലകൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാത്തതിനാലും സമയം നീട്ടിനൽകുന്നതിലുള്ള കാലതാമസവുംമൂലമാണ് തുക ചെലവഴിക്കുവാൻ സാധിക്കാത്തതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് ഓഖി ദുരിത ബാധിതർക്കുള്ള കേന്ദ്ര സർക്കാരിന്റെ ധനസഹായം വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നതിനാൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള പെൻഷനും, ഗ്രാറ്റുവിറ്റിയും നൽകുന്നത് മലബാർ ദേവസ്വം ബോർഡിന്റെ തനതു ഫണ്ടിൽ നിന്നാണ് നൽകി വരുന്നതെന്നും, ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി ആയിരം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്നും

റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. തുടർന്ന് സമിതി ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്നതിനാൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം നൽകുന്നതെന്ന് സമിതി വിലയിരുത്തുകയും ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായം 1,200 രൂപയായി ഉയർത്തുവാൻ ഉത്തരവായ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 6 കോടി രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

മലബാർ ദേവസ്വംബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ സകലവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 4.95 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-102-99—1951-ലെ മദ്രാസ് എച്ച്. ആർ. ആന്റ് സി. ഇ. നിയമം നടപ്പാക്കൽ-01- ശമ്പളം

നിർത്തലാക്കപ്പെട്ട എച്ച്. ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡിലാണ് പ്രവർത്തിക്കുന്നതെന്നും, വകുപ്പ് ജീവനക്കാർ എന്ന നിലയിൽ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിലുണ്ടായിരുന്ന 2250-00-102-99-01-ശമ്പളം എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം ആകെ 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും മേൽ ശീർഷകത്തിൽ ട്രഷറിവഴി ശമ്പളം നൽകുന്നതിന് 900 ലക്ഷം രൂപ 2250-00-103-87-31 ഗ്രാന്റ്-ഇൻ-എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28,85,00,000 രൂപയിൽനിന്നും അനുവദിച്ചാൽ എച്ച്.ആർ. ആന്റ് സി. ഇ. വകുപ്പിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകുന്നതാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. തുടർന്ന് 2250-00-103-87-31 ഗ്രാന്റ്-ഇൻ-എയ്ഡ്-ശമ്പളം എന്ന ശീർഷകത്തിൽനിന്നും 899.99 ലക്ഷം രൂപ 2250-00-102-99-01 ശമ്പളം എന്ന ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ്</u>

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അധികം തുക ആവശ്യമായി വരുമെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റിന് മാത്രം 1000 ലക്ഷം രൂപ ആവശ്യമായിവരുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ മേൽ പദ്ധതികൾക്കെല്ലാംകൂടി ഈ ശീർഷകത്തിൽ അധികമായി 4579.73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-102-98- <u>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിച്ചതിനാൽ 1844.79 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ 32 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—കുടിവെള്ളവിതരണവും ശുചീകരണവും

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)</u>

ശബരിമലയിലും എരുമേലിയിലും പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാനമായ കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൂടുതൽ തുക അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. തുടർന്ന് ഈ ശീർഷകത്തിൽ 1.783 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2053-00-094-46 —ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്—ധനസഹായം

പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും റവന്യൂ ഗൈഡ്, റവന്യൂ വാർത്ത എന്നിവ പ്രസിദ്ധീകരിക്കുന്നതിനും പ്രിന്റർ, സ്കാനർ ഉൾപ്പെടെ ഉപകരണങ്ങൾ വാങ്ങുന്നതിനും, ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മാണത്തിനും ട്രെയിനിംഗിനും കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

സംസ്ഥാനത്ത് റവന്യൂ ഡിവിഷൻ ഓഫീസുകളും താലൂക്കുകളും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ പ്രസ്തുത ഓഫീസുകളിലേയ്ക്ക് വാഹനം വാങ്ങുന്നതിനായി 2053-00-093-99-21(1) എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി നിരീക്ഷിച്ചതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

സംസ്ഥാനത്തെ 5 റവന്യൂ ഡിവിഷൻ ഓഫീസുകളും 2 താലൂക്കുകളും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 1.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം SMV സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അധികമായി 12,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2053-00-094-50—ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരന്തനിവാരണവും പുനരധിവാസവും

നിലവിൽ ദുരന്തനിവാരണ അതോറിറ്റിയിലും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നതെന്നും അതോറിറ്റിയുടെ പ്രവർത്തനം 10 വർഷം പൂർത്തീകരിച്ചതായും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അധികൃതർ

വ്യക്തമാക്കി. തുടർന്ന് ഈ ശീർഷകത്തിൽ നോൺപ്ലാൻ ഹെഡ് (ശമ്പള ഹെഡ്) അനുവദിച്ച് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2053-00-094-47—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം (100% കേന്ദ്രാവിഷ്കൃതം)

ഈ പ്രോജക്ടിനായി കേന്ദ്രഗവൺമെന്റിൽ നിന്നും 55 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും അതിൽ 24.73 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുള്ളതുമാണെന്ന് വിലയിരുത്തിയ സമിതി ബാക്കി തുകയായ 30.27 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

യോഗം രാവിലെ 11.00 മണിക്ക് പിരിഞ്ഞു.

## 2018 ഫെബ്രുവരി 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം. എൽ. എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
5. ശ്രീ. കെ. രാജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. മാത്യൂക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

2018-2019 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും VI, XI, XX,

XXVI എന്നീ ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളിച്ചിരുന്ന ചെലവിനങ്ങൾ പരിശോധിച്ച് സമിതി നൽകിയ ശിപാർശകൾ ഉൾക്കൊള്ളുന്ന പ്രസ്തുത റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. കരട് റിപ്പോർട്ടിലെ 4-ാം ഖണ്ഡിക താഴെപ്പറയുംപ്രകാരം മാറ്റുക:

"സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ച 6 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും 2 താലൂക്കുകളിലെയും ഓഫീസുകളിലേയ്ക്ക് വാഹനം വാങ്ങുന്നതിനായി 2053-00-093-99-21(1) എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

2. കരട് റിപ്പോർട്ടിലെ 5-ാം ഖണ്ഡിക താഴെപ്പറയുംപ്രകാരം മാറ്റുക:

"സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷണൽ ഓഫീസുകളും 2 താലൂക്കുകളും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

3. കരട് റിപ്പോർട്ടിലെ 1-ാം ഖണ്ഡികയായി താഴെപ്പറയുന്ന പൊതുശിപാർശ ഉൾപ്പെടുത്തുക:

"നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-61-(PV), (14 കോടി രൂപ), 2059-01-051-82-(PV)(5 കോടി രൂപ), 2059-01-051-81-(PV)(4 കോടി രൂപ) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള യഥാക്രമം 1400 ലക്ഷം രൂപയും, 500 ലക്ഷം രൂപയും, ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-നു കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 235.80 ലക്ഷം രൂപയും ധനാഭ്യർത്ഥന VI-ലെ റവന്യൂവകുപ്പിന്റെ 2029-00-01-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് പിരിഞ്ഞു.

921/2018.

## 2018 മാർച്ച് 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2018 മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 8.40-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
5. ശ്രീ. കെ. രാജൻ, എം.എൽ.എ.
6. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുമകുമാരി. ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി. കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

യോഗത്തിൽ സമിതി The Madras Hindu Religious and Charitable Endowments (Amendment) Bill, 2018 പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മലബാർ ദേവസ്വം ബോർഡിലെ വാനിഷിംഗ് കാറ്റഗറിയിൽപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിൽ എൽ.എൽ.ബി. യോഗ്യതയുള്ള ഒരേയൊരാളെ, കമ്മീഷണർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയതിനാലാണ് ഇപ്പോൾ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ 8 സി വകുപ്പ്, (1)-ാം ഉപ വകുപ്പിൽ ഭേദഗതി കൊണ്ടുവരുന്നതെന്നും ഇതോടുകൂടി ബോർഡിലെ വാനിഷിംഗ് കാറ്റഗറി അവസാനിപ്പിക്കുകയാണെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ മേൽ സൂചിപ്പിച്ചത് ബോർഡിലെ ജീവനക്കാർക്ക് മാത്രമുണ്ടായിരുന്ന ഒരു തസ്തികയായിരുന്നുവെന്നും, മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിക്ക് കൂടി ഒരു പ്രൊമോഷൻ തസ്തിക നൽകിയതിനാൽ ആയത് ഇപ്പോൾ രണ്ട് പേർക്കുമുണ്ടെന്നും, കോടതിയിൽ കേസ് വന്നപ്പോൾ അതിനൊരു വ്യക്തത വരുത്തുന്നതിനാണ് ഇത്തരത്തിൽ ഭേദഗതി കൊണ്ടുവന്നതെന്നും, ബോർഡിൽ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിൽ നിയമിക്കുന്നതിന് ആളില്ലാത്തതിനാൽ ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറിയെയാണ് ഡെപ്യൂട്ടി കമ്മീഷണറായി നിയമിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

സമിതി താഴെപ്പറയുന്ന ഭേദഗതിയോടെ ബിൽ അംഗീകരിച്ചു

For clause 2, the following clause shall be substituted, namely:-

"2. *Amendment of section 8C.*—In sub-section (1) of section 8C of the Madras Hindu Religious and Charitable Endowments Act, 1951 (Madras Act XIX of 1951), (hereinafter referred to as the principal Act) for the words "a Joint Secretary to Government", the words, figure and letter "a Deputy Commissioner in the abolished department who is eligible to be promoted as Commissioner as per the provision contained in section 19G and in the absence of such an officer, a Joint Secretary to Government" shall be substituted.".

സർവ്വശ്രീ അടൂർ പ്രകാശ്, എം.എൽ.എ., എം. ഉമ്മർ, എം.എൽ.എ. എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 9.00 മണിക്ക് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.